# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26



## എ. എൽ. പി. എസ് നെന്മേനി കൊല്ലങ്കോട്
## നെന്മേനി പി ഒ 678506

alpsnenmeni@gmail.com

## ഉള്ളടക്കം

1. ആമുഖം

2. വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്-
   ലക്ഷ്യങ്ങൾ

3. നിലവിലെ അവസ്ഥാവിശകലനം

4. പദ്ധതി രൂപീകരണ പ്രക്രിയ- ഘട്ടങ്ങൾ

5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

6. പദ്ധതി വിശദാംശങ്ങൾ ( ലക്ഷ്യം,പ്രവർത്തനങ്ങൾ,
   കാലയളവ്, ചുമതല, സാമ്പത്തികം )

7. പ്രവർത്തന കലണ്ടർ തയ്യാറാക്കൽ

8. ഉപസംഹാരം

## ആമുഖം

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ പ്രകൃതി സൗന്ദര്യത്താൽ പ്രശസ്തമായ നെല്ലിയാമ്പതി മലനിരകളോട് ചേർന്ന് സ്ഥിതി ചെയ്യുന്ന കൊല്ലങ്കോട് നെന്മേനി എന്ന ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് എഎൽപിഎസ് നെന്മേനി. 1936 മദ്രാസ് ഗവൺമെന്റ് കാലഘട്ടത്തിൽ ആരംഭിച്ച ഈ വിദ്യാലയത്തിൽ പ്രീ പ്രൈമറി മുതൽ അഞ്ചുവരെ ക്ലാസുകളാണുള്ളത്. ശാന്തമായ പഠന അന്തരീക്ഷവും മികച്ച ഭൗതിക സൗകര്യങ്ങളും വാഹനസൗകര്യവും ഈ പ്രദേശത്തെ വിദ്യാർത്ഥികൾക്ക് വളരെ മികച്ച പഠന അന്തരീക്ഷം ഒരുക്കി നൽകുന്നു.

90 വർഷം പൂർത്തിയാക്കുന്ന ഈ വിദ്യാലയം ഇടക്കാലത്ത് കുട്ടികളുടെ എണ്ണത്തിൽ കുറവ് വരികയും അതു മൂലം തസ്തിക നഷ്ടം ഉണ്ടായെങ്കിലും വീണ്ടും മികവിന്റെ പാതയിലേക്ക് തിരിച്ചുവരികയാണ്.

## കാഴ്ചപ്പാട് / ലക്ഷ്യങ്ങൾ

- വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റുക
- പ്രീ പ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെ ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും കഴിവിന് അനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
- പാഠ്യപാഠേതര മികവ് ഉയർത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക വിദ്യാലയ അന്തരീക്ഷം ഒരുക്കുക
- ഭൗതിക സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക
- മികച്ച സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുക
- പ്ലാസ്റ്റിക് മുക്ത ശുചിത്വ ക്യാമ്പസ്സാക്കി മാറ്റുക
- ഡിജിറ്റൽ ഐസിടി സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുക
- കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക, വിദ്യാലയത്തെ പുരോഗതിയിലേക്ക് എത്തിക്കുക.

## അവസ്ഥ വിശകലനം

### നേട്ടങ്ങൾ

- പ്രീപ്രൈമറി മുതൽ അഞ്ചുവരെ ഒന്ന് വീതം ഡിവിഷനുകളാണ് വിദ്യാലയത്തിൽ നിലവിലുള്ളത്
- എല്ലാ വിദ്യാർത്ഥികൾക്കും മികച്ച ക്ലാസ് റൂമുകളും ഫർണിച്ചറുകളും ഭൗതിക സൗകര്യങ്ങളും വാഹന സൗകര്യവും നിലവിലുണ്ട്.
- ഒന്നു മുതൽ അഞ്ചുവരെ സ്ഥിരം അധ്യാപകരും പ്രീ പ്രൈമറി ഉൾപ്പെടെ ഏഴ് അധ്യാപകരും ഇവിടെ പ്രവർത്തിക്കുന്നു.
- സമഗ്ര ഗുണമേന്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ പാഠ്യ പദ്ധതി കൃത്യമായും സമഗ്രമായും വിനിമയം ചെയ്യാൻ അധ്യാപകർ നിരന്തര ശ്രദ്ധ പുലർത്തുന്നു.
- ഐസിടി ഉപയോഗത്തിനായി മൂന്ന് ലാപ്ടോപ്പുകളും രണ്ട് സ്പീക്കറുകളും ഉപയോഗിക്കുന്നു.
- കുടിവെള്ളത്തിനായി കിണർ വെള്ളം പൈപ്പ് കണക്ഷൻ എന്നിവയും ഉപയോഗിക്കുന്നുണ്ട്.
- ആൺ പെൺ വിദ്യാർത്ഥികൾക്ക് പ്രത്യേക ടോയ്‌ലറ്റ് സൗകര്യം സജ്ജമാണ്.

### പരിമിതികൾ

- എല്ലാ ക്ലാസുകളിലും വൈദ്യുതീകരണം പൂർത്തിയായിട്ടില്ല.
- കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ കുറവും മറ്റ് സാമൂഹിക സാമ്പത്തിക പ്രയാസങ്ങളും അക്കാദമിക നിലവാരത്തെ ബാധിക്കുന്നുണ്ട്.
- പകുതിയോളം വിദ്യാർത്ഥികൾക്കും കുടുംബ, സാമ്പത്തിക സാഹചര്യങ്ങൾ പഠനത്തെ ബാധിക്കുന്ന തരത്തിലാണ് ഉള്ളത്.
- വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങളിലും വിദ്യാലയവുമായുള്ള പല പ്രവർത്തനങ്ങളിലും രക്ഷിതാക്കൾക്ക് പൂർണമായും പങ്കാളികളാകാൻ കഴിയുന്നില്ല എന്നതും തടസ്സം നൽകുന്ന കാരണമാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26
# ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

**മേഖല : 1. അക്കാദമികം**

**ഉപ മേഖല 1.1 : മലയാളം - വായന**

ലക്ഷ്യം: എല്ലാ കുട്ടികളും മികച്ച വായനശേഷി കൈവരിക്കൽ, വായനയിൽ പ്രാവീണ്യം നേടൽ.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| • എന്റെ വായന മികച്ച വായന<br>അത് ക്ലാസ് തലത്തിൽ വായന കാർഡ്, പുസ്തകം, മറ്റു രചനകൾ എന്നിവയുടെ വായന. മികച്ച വായനകൾ സ്കൂൾ അസംബ്ലിയിൽ. എല്ലാ കുട്ടികൾക്കും അവസരം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ | |
| • ലൈബ്രറി സജ്ജീകരണം<br>ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ ആവശ്യമായ പുസ്തകങ്ങൾ പതിപ്പുകൾ ചിത്രങ്ങൾ പത്രങ്ങൾ അധ്യാപക രചനകൾ എന്നിവ കൊണ്ട് ലൈബ്രറി ഒരുക്കൽ. | ജൂൺ | | 2000 |
| • വാർത്താ വായന അസംബ്ലിയിൽ<br>എല്ലാദിവസവും അസംബ്ലിയിൽ രണ്ടുവിധം കുട്ടികൾ പത്രം വായിക്കുന്നു എല്ലാ കുട്ടികൾക്കും അവസരം നൽകൽ | വർഷം മുഴുവൻ | | |
| • എല്ലാവരും മുന്നോട്ട്<br>വായനയിൽ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക പരിശീലനം ഇതിനായി വർക്ക് ബുക്കുകൾ വർക്ക് ഷീറ്റുകൾ വായന കാർഡുകൾ മറ്റ് പഠനസഹായികൾ ഇവ ഉപയോഗപ്പെടുത്തുന്നു. വായനയിൽ മികച്ചു നിൽക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള ഗ്രൂപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | ജൂൺ - സെപ്റ്റംബർ | ക്ലാസ്സ് അധ്യാപകർ | |

| | | | |
|---|---|---|---|
| • മെഗാ ക്വിസ്<br>ഓരോ ആഴ്ചയിലും നിശ്ചിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഇവയെ അടിസ്ഥാനമാക്കിയും വിവിധ ദിനാചരണങ്ങളോടനുബന്ധിച്ചും ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>വർഷാവസാനം സ്കൂൾ മെഗാ ക്വിസ് നടത്തുന്നു.<br>• വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി കഥ കവിത വിവരണം എന്നിവയുടെ അവതരണം അസംബ്ലിയിൽ നടത്തൽ.<br>• പ്രസംഗമത്സരങ്ങൾ<br>വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി പ്രസംഗം മത്സരങ്ങൾ സംഘടിപ്പിക്കുന്നു ഗ്രൂപ്പ് അടിസ്ഥാനത്തിൽ പരമാവധി വിദ്യാർഥികളെ പങ്കെടുപ്പിക്കൽ. | വർഷം മുഴുവൻ | വായന ക്ലബ്ബ്<br><br>ക്ലാസ്സ് അധ്യാപകർ | |

**ഉപ മേഖല 1.2 : ലേഖനം**

**ലക്ഷ്യം : അടിസ്ഥാന ലേഖന പ്രവർത്തനങ്ങളിൽ പ്രാവീണ്യം നേടൽ. സർഗാത്മക രചനകളിൽ ഏർപ്പെടൽ**

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| • ഡയറി എഴുതാം<br>എല്ലാ ക്ലാസുകളിലും ഡയറി എഴുതൽ.<br>മികച്ചവ ഉൾപ്പെടുത്തി വർഷാവസാനം ക്ലാസ്സ്തത്തിൽ പതിപ്പ് തയ്യാറാക്കൽ.<br>• വായന കുറിപ്പുകൾ തയ്യാറാക്കൽ മികച്ചവ അസംബ്ലിയിൽ അവതരണം. ക്ലാസ് പതിപ്പ് തയ്യാറാക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് അധ്യാപകർ | |

| | | | |
|---|---|---|---|
| • രചനശില്പശാലകൾ സംഘടിപ്പിക്കൽ ചിത്രരചന കഥ കവിത രചനങ്ങളുമായി ബന്ധപ്പെട്ട വിദഗ്ധരുടെ ക്ലാസുകൾ ലഭ്യമാക്കൽ.<br>• സ്കൂൾ പത്രം തയ്യാറാക്കൽ<br>കുട്ടികളുടെ നേതൃത്വത്തിൽ വാർത്തകൾ തയ്യാറാക്കി വർഷാവസാനം ഡിജിറ്റൽ സ്കൂൾപത്രം തയ്യാറാക്കൽ.<br>• "കുഞ്ഞു രചനകൾ" പതിപ്പ്<br>കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി വർഷാവസാനം സ്കൂൾതലത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ<br>• വായനശാല സന്ദർശനം.<br>• മൂല്യനിർണയ പ്രവർത്തനങ്ങൾ ചിട്ടയായ അവതരണം. | രണ്ടാം ടേം<br><br>ഫെബ്രുവരി<br><br>ഫെബ്രുവരി - മാർച്ച് | ക്ലാസ്സ് അധ്യാപകർ | |

**ഉപ മേഖല 1.3 : സർഗാത്മകം**

**ഭാഷയുമായി ബന്ധപ്പെട്ട സർഗാത്മക ശേഷി വികസനം സാധ്യമാക്കുക. കല ( ചിത്രം,അഭിനയം നാടൻപാട്ട്..) പ്രവർത്തിപരിചയ പരിശീലനങ്ങൾ ലഭ്യമാക്കുക**

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| • ബാലസഭ<br>ക്ലാസ്സ് തലത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും സ്കൂൾതലത്തിൽ മാസത്തിൽ ഒരുതവണയും കുട്ടികളുടെ | മാസത്തിൽ ഒരു തവണ | ക്ലാസ്സ് അധ്യാപകർ | |

| | | | |
|---|---|---|---|
| സർഗാത്മക പ്രവർത്തനങ്ങൾ ( റോൾപ്ലേ നാടകം നാടൻപാട്ട് ഗാനങ്ങൾ...) ഉൾപ്പെടുത്തിയുള്ള ബാലസഭ സംഘടിപ്പിക്കൽ.<br>• വിവിധ രചന ശില്പശാലകൾ (കഥ കവിത ചിത്രരചന) സംഘടിപ്പിക്കൽ<br>• പാട്ടരങ്ങ്, കഥയരങ്ങ് ചൊല്ലരങ്ങ്<br>ഓരോ ക്ലാസിനും അനുയോജ്യമായ രീതിയിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br>• കല പ്രവർത്തി പരിചയം തുടങ്ങിയവയ്ക്ക് പ്രത്യേക പരിശീലനം. വിദഗ്ധരായ അധ്യാപകരുടെ സേവനം ലഭ്യമാക്കൽ. | ഒക്ടോബർ-നവംബർ<br><br>ആഗസ്റ്റ് - നവംബർ | പി.ടി.എ<br><br>BRC<br>പി.ടി.എ | 5000 |

**മേഖല 2 : ഇംഗ്ലീഷ്**

**ലക്ഷ്യം: എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ. ഭാഷ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ. സർഗാത്മക രചനകളിൽ ഏർപ്പെടൽ.**

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| • Enrichment of vocabulary. Conducting TLM workshop ( word, picture cards, bingos, work sheets, riddle cards…)<br>• Empowerment of reading skll.<br>Story telling, chain stories, rhymes and riddles, picture describes, reading cards in assembly..)<br>• English Assembly/ English day. One day/ week<br>• English corner in class library. Reading material, story books, work books, pictures and words | June -july<br><br>june – march | Class teachers | |

| | | | |
|---|---|---|---|
| • Conducting English fest. (Class level and School level which includes various English programs)<br>• Empowerment of writing skill. Preparing bulletin board/ Wall magazine, English magazine which includes students creative works related with English classroom activities. | january/ february | | |

**മേഖല 3 : ഗണിതം**

**ലക്ഷ്യം : ഗണിത ത്തിലെ അടിസ്ഥാന ശേഷികൾ( ചതുഷ്ക്രിയകൾ, അതത് ക്ലാസ് ശേഷികൾ )എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക,**

**സമയം, വിവിധ മെട്രിക് അളവുകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ദാരണം ചെയ്യാനുള്ള ശേഷി കൈവരിക്കൽ.**

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| • പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം പരിശോധിച്ചു തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.<br>• ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി ഗണിതം മധുരം പരിപാടി.<br>• പഠനോപകരണ നിർമ്മാണ ശില്പശാല സംഘടിപ്പിക്കൽ. ഓരോ ക്ലാസിലും ഗണിത കിറ്റ് എല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിക്കൽ. | ജൂൺ<br>ജൂൺ മുതൽ<br>ജൂലൈ | SRG<br>ക്ലാസ്സ് അധ്യാപകർ<br>SRG | 5000 |

| | | | |
|---|---|---|---|
| • ഗണിത മേള- ഏകദിന പരിപാടി.<br>ഗണിതത്തിലെ വിവിധ പ്രവർത്തനങ്ങൾ- പസിൽ, പാറ്റേൺ, ജോമെട്രിക് ചാർട്ട്, still models, ഗെയിംസ് മുതലായവ<br>ഉൾപ്പെടുത്തി ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ.<br>• Maths exhibition ഡിസംബർ മാസത്തിൽ കുട്ടികളുടെ വിവിധ പഠന പ്രവർത്തന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് maths എക്സിബിഷൻ | ആഗസ്റ്റ്<br><br>ഡിസംബർ | ക്ലാസ്സ് അധ്യാപകർ | |

**മേഖല 4 : ശാസ്ത്ര പഠനം**

**ലക്ഷ്യം: എല്ലാ കുട്ടികൾക്കും ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കുക ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കുക. നിരീക്ഷണ പരീക്ഷണങ്ങളിലൂടെ നേടിയ ശാസ്ത്ര അറിവുകൾ പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുക. നൂതന സാങ്കേതികവിദ്യകളുടെ മാറ്റം തിരിച്ചറിയൽ അവയുടെ പ്രായോഗികത ഉൾക്കൊള്ളൽ.**

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പ്രവർത്തനങ്ങൾ<br>• ഞങ്ങളും കൃഷിയിലേക്ക്..സ്കൂൾ ജൈവ പച്ചക്കറിത്തോട്ട നിർമ്മാണം.<br>• ഫീൽഡ് ട്രിപ്പുകൾ- കർഷകരുമായി അഭിമുഖം, കൃഷിഭവൻ,<br>• നാട് അറിയാം നന്മയറിയാം. (നാട്ടറിവുകളുടെ ശേഖരണം ക്രോഡീകരണം അവതരണം )<br>• ഓരോ ക്ലാസിലും വിവിധ വിഷയങ്ങളുമായി/ പാഠങ്ങളുമായി ബന്ധപ്പെട്ട പതിപ്പുകളുടെ നിർമ്മാണം. (ചാന്ദ്രദിനം, സ്വാതന്ത്ര്യ ദിനം, വിവിധ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ | 6000 |

| | | | |
|---|---|---|---|
| കലകൾ, ഓണം, യുദ്ധവിരുദ്ധ ദിനം...)<br>• ശാസ്ത്രവുമായി ബന്ധപ്പെട്ട പത്രവാർത്തകളുടെ ശേഖരണം വാർത്ത ബുള്ളറ്റിൻ പ്രദർശനം.<br>• പരീക്ഷണ കളരി ശാസ്ത്ര അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സ്. | ദിനാചരണങ്ങളോടനുബന്ധിച്ച് | | 2000 |
| • സ്കൂൾ ശാസ്ത്രമേള (നിർമ്മാണം ശേഖരണം, ചാർട്ട്, പരീക്ഷണം, സ്റ്റിൽ മോഡൽ, ശാസ്ത്ര ക്വിസ് ശാസ്ത്രജ്ഞന്മാർ. ഇവ ഉൾപ്പെടുത്തി) | ഒക്ടോബർ | | |
| • ഫുഡ് ഫെസ്റ്റ്. നാട്ടറിവുകൾ നാടൻ പലഹാരങ്ങൾ പങ്കുവെക്കുന്ന നാടൻ പലഹാരമേള. | നവംബർ | MPTA, ക്ലാസ്സ് അധ്യാപകർ | |
| • ഔഷധസസ്യങ്ങൾ പഴങ്ങൾ പൂക്കൾ ഇലകൾ വിത്തുകൾ തുടങ്ങിയവയുടെ ശേഖരണവും പ്രദർശനവും വ്യത്യസ്ത ദിവസങ്ങളിലായി സംഘടിപ്പിക്കൽ. | | | |
| • സയൻസ് എക്സിബിഷൻ കുട്ടികൾ തയ്യാറാക്കിയ ശാസ്ത്രവുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെ ക്ലാസ്, സ്കൂൾതല പ്രദർശനം. | ജനുവരി | Science club | |
| • ശാസ്ത്ര ദിനാചരണങ്ങളോട് അനുബന്ധിച്ച് ക്വിസ് മത്സരം ക്ലാസ്സ് സ്കൂൾ തലം | | | |
| • സാങ്കേതികവിദ്യകളുടെ സഹായത്തോടുകൂടി ശാസ്ത്രവിഷയങ്ങൾ (കുറിപ്പുകൾ വിവരണങ്ങൾ വീഡിയോകൾ മുതലായവ) കണ്ടെത്തലും ക്രോഡീകരിക്കലും ഡിജിറ്റൽ അവതരണവും. | | | |
| • ശുചിത്വ ക്ലബ്ബിന്റെ നേതൃത്വത്തിൽ വ്യക്തി ശുചിത്വം പരിസര ശുചിത്വം സമൂഹ ശുചിത്വം ഇവ ആസ്പദമാക്കിയുള്ള കൂടുതൽ പ്രവർത്തനങ്ങൾ. | | ക്ലബ്ബ് അംഗങ്ങൾ | |

| | | | |
|---|---|---|---|
| • പ്ലാസ്റ്റിക് മുക്ത വിദ്യാലയത്തിനായുള്ള പ്രത്യേക പ്രവർത്തനങ്ങൾ മാലിന്യങ്ങളുടെ വേർതിരിക്കലും സംസ്കരണവും ശാസ്ത്രീയത ഉറപ്പാക്കൽ. | | ശുചിത്വ ക്ലബ്ബ്, നല്ലപാഠം ക്ലബ്ബ് | 5000 |

**മേഖല 5 : ആരോഗ്യം**

**ലക്ഷ്യം: എല്ലാ കുട്ടികളുടെയും മാനസികവും ശരീരവുമായ ആരോഗ്യനില സംരക്ഷിക്കുക. മെച്ചപ്പെട്ട ആരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കുക**

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| • ലഘു വ്യായാമങ്ങൾ, (mass drill assembly Aerobics, യോഗ ക്ലാസ് മുതലായവയുടെ പരിശീലനം<br>• ശുചിത്വ ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ (വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും) തുടർ പ്രവർത്തനം.<br>• വിദ്യാർത്ഥികൾക്കായി ഹെൽത്ത് കാർഡ്<br>• ശുചിത്വ ക്ലബ്ബിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ.<br>• പോഷക സമ്പുഷ്ടമായ ഉച്ചഭക്ഷണം, മുട്ട, പാൽ ഇവ ഉറപ്പാക്കൽ. | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | ക്ലബ്ബുകൾ<br><br>SPG<br><br>PHC | |

**മേഖല 6 : സാമൂഹികം**

**ലക്ഷ്യം സാമൂഹിക പങ്കാളിത്തത്തോട് കൂടി വിദ്യാലയത്തിന്റെയും വിദ്യാർത്ഥികളുടെയും ഉന്നമനം സാധ്യമാക്കുക. സാമൂഹിക ഉയർച്ചയിൽ വിദ്യാലയവും പങ്കാളിയാവുക.**

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പ്രവർത്തനങ്ങൾ<br>• വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ നടപ്പിലാക്കുക<br>• നല്ല പാഠം ക്ലബ് പ്രവർത്തനങ്ങൾ<br>• രക്ഷിതാക്കൾക്കായി വിവിധ ഓറിയന്റേഷൻ ക്ലാസുകൾ<br>• അമ്മ വായന അമ്മക്കൂട്ട് പ്രവർത്തനങ്ങൾ<br>• നാടിനെ അറിയാം നന്മയറിയാം എന്നീ പ്രവർത്തനങ്ങൾ സാമൂഹിക പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കൽ<br>• ഗൃഹസന്ദർശന പരിപാടികൾ<br>• ക്ലാസ് പിടിഎ ശക്തമാക്കൽ<br>• പൂർവ്വ വിദ്യാർത്ഥികളും വിദ്യാലയവും ബന്ധം ദൃഢമാക്കൽ<br>• സ്കൂൾ നവതി വാർഷിക ആഘോഷം<br>• സ്കൂൾ വികസന സമിതി ചേരൽ. പ്രവർത്തനങ്ങൾ വിലയിരുത്തൽ | | നല്ലപാഠം ക്ലബ്ബ്<br><br>ക്ലാസ്സ് അധ്യാപകർ<br><br>PTA, SDC, | |

**മേഖല 7 : ഭൗതികം**
**ലക്ഷ്യം : വിദ്യാലയ ഭൗതിക സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തൽ.**
**പ്രവർത്തനങ്ങൾ**

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| • വിദ്യാലയ കെട്ടിടം സുരക്ഷ ഉറപ്പാക്കൽ<br>• എല്ലാ ക്ലാസ്സുകളിലും വൈദ്യുതീകരണം, ഫാൻ, ലൈറ്റ് സൗകര്യം ഒരുക്കൽ.<br>• ICT projector installation.<br>• പ്രീ പ്രൈമറി ക്ലാസ്സ് ആകർഷകമാക്കൽ.<br>• Handwash , Pipe സൗകര്യം ഒരുക്കൽ<br>• വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ<br>• Compost bit നിർമ്മാണം | | SMC<br>Management<br><br>LSG | |

**സ്കൂൾ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ**

എസ്.ആർ.ജി, പിടിഎ എന്നിവയുടെ സംയുക്ത ചർച്ചയുടെ അടിസ്ഥാനത്തിൽ 2025- 26 വർഷത്തെ വാർഷിക കലണ്ടർ ആസൂത്രണവും തയ്യാറാക്കലും ജൂൺ ആദ്യവാരത്തിൽ പൂർത്തീകരിച്ചു.

## അധ്യാപകർ

| | |
|---|---|
| DEEPIKA U | - HM |
| SARALA C | - LPSA |
| JULIE P J | - LPSA |
| RASEED T | - ARABIC |
| MAHAMOODA A | - LPSA |
| NISHA N | - LPSA |

## ഉപസംഹാരം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നൂതനവും സമഗ്രവുമായ വിദ്യാഭ്യാസം വിദ്യാർഥികൾക്ക് സാധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ കൃത്യമായ വിലയിരുത്തലും ആസൂത്രണവും നടത്തി നടപ്പിലാക്കാൻ സാധിക്കും എന്ന് കരുതുന്നു. അതിനുവേണ്ട പിന്തുണകൾ എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നു.

*******************